# കാലിക്കറ്റ് സർവ്വകലാശാല

**ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്**

89138/DOA-ASST-6/2026/Admn

30.06.2026

**പത്രക്കുറിപ്പ്**

**അഫ്സൽ ഉൽ ഉലമ (പ്രിലിമിനറി) കോഴ്സ് പ്രവേശനം 2026**

കാലിക്കറ്റ് സർവ്വകലാശാല 2026–27 അധ്യയന വർഷത്തിലേക്കുള്ള അഫ്സൽ –ഉൽ –ഉലമ (പ്രിലിമിനറി ) കോഴ്സിന്റെ (പ്ലസ് ടു ഹ്യൂമാനിറ്റീസ് തത്തുല്യ കോഴ്സ്) ഒന്നാം അലോട്ട്മെന്റ് 30.06.2026 ന് പ്രസിദ്ധീകരിച്ചു (http://admission.uoc.ac.in)

അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും 04.07 .2026 വൈകുന്നേരം 4 മണിക്കുള്ളിൽ താഴെ പ്രതിപാദിച്ചിട്ടുള്ള മാൻഡേറ്ററി ഫീസ് അടക്കേണ്ടതാണ്.

1 . എസ് സി / എസ് ടി / ഒ ഇ സി / ഒ ഇ സി ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾ : 155 /– രൂപ
2 . മറ്റുള്ളവർ : 610 / – രൂപ

അലോട്ട്മെന്റ് ലഭിച്ച നിർദിഷ്ട സമയപരിധിക്കുള്ളിൽ മാൻഡേറ്ററി ഫീസ് അടക്കാത്തവർക്ക് നിലവിൽ ലഭിച്ച അലോട്ട്മെന്റ് നഷ്ടമാവുന്നതും തുടർന്നുള്ള അല്ലോട് മെന്റുകളിൽ നിന്നും പുറത്താകുന്നതാണ്.
ഒന്നാമത്തെ ഓപ് ഷൻ ലഭിച്ചവരും ലഭിച്ച ഓപ് ഷനിൽ തൃപ്തരായി ഹയർ ഓപ് ഷൻ ക്യാൻസൽ ചെയ്യുന്നവരും അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്തു സ്ഥിര പ്രവേശനം നേടേണ്ടതാണ്.
ലഭിച്ച ഓപ് ഷനിൽ തൃപ്തരായ വിദ്യർത്ഥികൾ ഹയർ ഓപ് ഷൻ പരിഗണിക്കേണ്ടതില്ലെങ്കിൽ ആയത് നിർബന്ധമായും ക്യാൻസൽ ചെയ്യേണ്ടതാണ്. ഹയർ ഓപ് ഷൻ നിലനിർത്തുന്ന പക്ഷം പ്രസ്തുത ഹയർ ഓപ് ഷനിൽ ഏതെങ്കിലും ഒന്നിലേക്ക് തുടർന്ന് അലോട്ട്മെന്റ് ലഭിച്ചാൽ ആയതു നിർബന്ധമായും സ്വീകരിക്കേണ്ടതാണ്, ഇതോടെ മുൻപ് ലഭിച്ച അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അത് യാതൊരു കാരണവശാലും പുനഃസ്ഥാപിച്ചു നൽകുന്നതുമല്ല.
ഹയർ ഓപ് ഷൻ ക്യാൻസൽ ചെയ്യുന്നതിന് വിദ്യാർത്ഥികൾക്ക് അവരുടെ ലോഗിൻ വിവരങ്ങൾ ഉപയോഗിച്ച് ലോഗിൻ ചെയ്തതിനു ശേഷം ആവശ്യമില്ലാത്ത കോളേജ് ഓപ് ഷനുകൾ ക്യാൻസൽ ചെയ്യാവുന്നതാണ്, ക്യാൻസൽ ചെയ്തതിനു ശേഷം നിർബന്ധമായും പുതുക്കിയ പ്രിന്റ് ഔട്ട് എടുത്തു സൂക്ഷിക്കേണ്ടതും ആയതു പ്രവേശന സമയത്തു കോളേജിൽ ഹാജരാക്കേണ്ടതും ആണ്.

രണ്ടാമത്തെ അലോട്ട്മെന്റ് 06.07.2026 ന് പ്രസിദ്ധീകരിക്കുന്നതാണ്.

ഫോൺ : 0494 2407016, 2407017, 2660600

Rajeevan Mundayat
Valappil
Deputy Registrar

To

പബ്ലിക് റിലേഷൻസ് ഓഫീസർ (എല്ലാ ജില്ലകളിലും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)